പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4545

04.2.2014- ൽ
മറുപടിക്ക്

## ചകിരി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ: | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചകിരിക്കുണ്ടായിരിക്കുന്ന വർദ്ധിച്ച വിലക്കയറ്റം കേരളത്തിലെ കയർ വ്യവസായത്തെ വലിയ രീതിയിൽ പ്രതികൂലമായി ബാധിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ; | എ) ഉണ്ട്. ചകിരിയുടെ വില വർദ്ധനവ് പരിഗണിച്ച് കയർ സഹകരണ സംഘങ്ങൾക്കും കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും കിലോയ്ക്ക് 28/- രൂപ എന്ന നിരക്കിൽ ചകിരി സംഭരിച്ച് 20/- രൂപ നിരക്കിൽ വിതരണം ചെയ്തു വരുന്നു. നവംബർ 22 മുതൽ കയർഫെഡ് 14,600 ക്വിന്റൽ ചകിരി ഇത്തരത്തിൽ വിതരണം ചെയ്തിട്ടുണ്ട്. |
| **(ബി)** സംസ്ഥാന സർക്കാരും കയർ വകുപ്പും കയർ വ്യവസായ സംരക്ഷണത്തിന് സബ്സിഡി ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; സബ്‌-സിഡികൾ ഏത് ഏജൻസികൾ വഴിയാണ് നൽകുന്നത് എന്ന് അറിയിക്കുമോ; സബ്സിഡിക്കുള്ള മാനദണ്ഡം എന്താണ്; | **(ബി)** കയർ വ്യവസായ സംരക്ഷണത്തിന് സബ്സിഡി ഏർപ്പെടുത്തി യിട്ടില്ല. |
| സി) കേരളത്തിലെ ചകിരി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും നാളികേര കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുമോ? | സി) ചകിരി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് നാളികേര വികസന ബോർഡുമായി ചേർന്ന് പദ്ധതി ആവിഷ്കരിക്കാൻ ചർച്ച നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ